പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്. മേൽ പദ്ധതികൾ നടപ്പുവർഷവും സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജനക്ലബ്ബുകൾ എന്നീ തലങ്ങളിൽകൂടി കൂടുതൽ ഫലപ്രദമായി നടത്തുന്നതാണ്.

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്തുകളെയും യൂത്ത് ക്ലബ്ബുകളെയും സഹകരിപ്പിക്കുന്നതിന് കേരള സംസ്ഥാന യുവജനകമ്മീഷൻ ഉദ്ദേശിക്കുന്നുണ്ട്. പക്ഷെ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല.

യുവജനങ്ങൾക്ക് യുവപ്രതിഭാ പുരസ്കാരം

13 (*493) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കായികംയുവജനങ്ങൾക്ക് യുവപ്രതിഭാ പുരസ്കാരം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;വും ഹജ്ജ് കാര്യവും കായികവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങൾക്ക് യുവപ്രതിഭാ പുരസ്കാരം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട് ?

പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കായികംയുവജനങ്ങൾക്ക് യുവപ്രതിഭാ പുരസ്കാരം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;വും ഹജ്ജ് കാര്യവും കായികവകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) സാഹിത്യം, സാമൂഹിക പ്രവർത്തനം, സംരംഭകത്വം, കായികം, കല, മാധ്യമ പ്രവർത്തനം, കൃഷി എന്നീ 7 മേഖലകളിൽ പ്രവർത്തിക്കുന്ന യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുക, അതുവഴി അവരെ കൂടുതൽ കർമ്മോത്സുകരാക്കുക എന്നീ ലക്ഷ്യങ്ങളാണ് സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരംകൊണ്ട് ലക്ഷ്യമാക്കുന്നത്. യുവജനങ്ങളിൽ വിവിധ മേഖലകളിൽ കഴിഞ്ഞ 2 വർഷത്തെ പ്രവൃത്തി പരിചയം കണക്കാക്കുകയും അവയിൽനിന്ന് ഏറ്റവും യോഗ്യരായ അപേക്ഷകർക്ക് അവാർഡ് നൽകുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 വർഷം മുതൽ സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരം എന്ന പേരിൽ യുത്ത് അവാർഡ് നൽകി വരുന്നു. സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരത്തിന് (സാഹിത്യം, കല, കായികം, കൃഷി, സംരംഭകത്വം, സാമൂഹ്യപ്രവർത്തനം, മാധ്യമ പ്രവർത്തനം) പത്തു പരസ്യം നൽകുകയും അവാർഡിനായി നിശ്ചിത അപേക്ഷാ ഫോമിൽ അപേക്ഷ ക്ഷണിക്കുകയും ചെയ്യുന്നു. അതാത് മേഖലയിൽ പ്രഗത്ഭരായ 3 വ്യക്തികളെ ജൂറി അംഗമായി ബോർഡിന്റെ ചെയർമാനായ ബഹു. യുവജനകാര്യ വകുപ്പുമന്ത്രി തെരഞ്ഞെടുക്കുന്നു. പ്രസ്തുത ജൂറി അംഗങ്ങൾ അപേക്ഷകൾ വിശകലനം ചെയ്യുകയും മികച്ച അപേക്ഷകരെ അവാർഡിനായി നിർദ്ദേശിക്കുകയും ചെയ്യുന്നു. ലഭിച്ച അപേക്ഷയിൽ മികവുള്ളതും പ്രാപ്തിയുള്ളതുമായ അപേക്ഷകർ ഇല്ലെങ്കിൽ ജൂറിക്ക് നേരിട്ട് അപേക്ഷകൾ വാങ്ങാവുന്നതും പരിഗണിക്കാവുന്നതുമാണ്. കൂടാതെ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ ജൂറിക്കുതന്നെ ഏറ്റവും ശ്രേഷ്ഠവും മികവുറ്റതുമായ അപേക്ഷകരെ അവാർഡിനായി നിർദ്ദേശിക്കാവുന്നതാണ്. അവാർഡിന് തെരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് 50,001 രൂപയും പ്രശസ്തി പത്രവും നൽകിവരുന്നു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മികച്ച യുവജന ക്ലബ്ബുകൾക്കും അവാർഡ് നൽകിവരുന്നു. ജില്ലാതലങ്ങളിൽ ലഭിക്കുന്ന അപേക്ഷ യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രംവഴി സ്വീകരിക്കുകയും ജില്ലാകളക്ടർ ചെയർമാനായുള്ള ജൂറി, ലഭിച്ച അപേക്ഷകളിൽ നിന്ന് മികച്ച ക്ലബ്ബിനെ ജില്ലാതല യുവജനക്ലബ്ബ് അവാർഡിനായി തെരഞ്ഞെടുക്കുന്നു. ഇങ്ങനെ 14 ജില്ലകളിൽ നിന്നും അവാർഡിനർഹരായ ക്ലബ്ബുകളിൽ നിന്ന് ഏറ്റവും മികച്ച ക്ലബ്ബിനെ സംസ്ഥാനതല അവാർഡിനായി തെരഞ്ഞെടുക്കുന്നു.

ഗ്രാമവ്യവസായ മേഖലയിലെ തൊഴിൽ സംരംഭങ്ങൾ

14 (*494) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഗ്രാമ വ്യവസായ മേഖലയിൽ തൊഴിൽ ലഭ്യമാക്കാൻ പരിപാടികൾ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പരിപാടിയുമായി സഹകരിച്ചത് ആരെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly